# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4429 22/07/2015-ൽ മറുപടിയ്ക്ക്**

**തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ**

**ചോദ്യം**

**ശ്രീ. കെ. അജിത്:**

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) **ഈ സർക്കാരധികാരമേറ്റശേഷം വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇതിനായി എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കുമോ ;**

(എ) ഈ സർക്കാരധികാരമേറ്റശേഷം വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ വൈക്കം മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകി.

| പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|
| കുടിവെള്ളം | 98.00 |
| വൈദ്യുതീകരണം | 42.09 |
| ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ( 2 എണ്ണം) | 16.00 |
| പബ്ലിക് ടോയ്‌ലറ്റ് | 24.00 |
| ജീവനോപാധി സഹായം | 18.00 |

ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% ധനസഹായത്തോടെ 162.24 ലക്ഷം രൂപ അടങ്കൽ തുകയിൽ വൈക്കം ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

(ബി) **പ്രസ്തുത മണ്ഡലത്തിൽ ഈ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്രഫണ്ട് ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ ; കേന്ദ്ര സംസ്ഥാന ഫണ്ടുകൾ തുല്യമായി ചെലവഴിക്കുന്ന പദ്ധതികൾ ഏതൊക്കെ; വ്യക്തമാക്കുമോ ;**

(ബി) വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി പൂർണ്ണമായും കേന്ദ്രഫണ്ട് ചെലവഴിക്കുന്ന പദ്ധതികളും കേന്ദ്ര സംസ്ഥാന ഫണ്ടുകൾ തുല്യമായി ചെലവഴിക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നില്ല.

(സി) **മണ്ഡലത്തിൽ ഈ കോർപ്പറേഷൻ വഴി നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടും ഇതുവരെ ആരംഭിക്കാത്ത പദ്ധതികൾ ഏതെങ്കിലും ഉണ്ടോ ; വ്യക്തമാക്കുമോ?**

(സി) വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ വൈക്കം മത്സ്യഗ്രാമത്തിൽ 198.09 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സി.ടി.ഇ. പരിശോധനയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശ പ്രകാരം പബ്ലിക് ടോയ്‌ലറ്റ് പദ്ധതിയുടെ എസ്റ്റിമേറ്റ് സി.ടി.ഇ. യുടെ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. മേൽ പദ്ധതി നടത്തിപ്പിനായി തീരദേശ വികസന കോർപ്പറേഷന് ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ കുടിവെള്ള പദ്ധതിയുടേയും വൈദ്യുതീകരണ പദ്ധതിയുടേയും ഫണ്ട് കേരള വാട്ടർ അതോറിറ്റിയ്ക്കും കേരള ഇലക്ട്രിസിറ്റി ബോർഡിനും കൈമാറാൻ സാധിച്ചിട്ടില്ല. ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചു. ജീവനോപാധി വിതരണത്തിനായുള്ള അപേക്ഷകൾ വെരിഫിക്കേഷൻ ഘട്ടത്തിലാണ്.

**സെക്ഷൻ ആഫീസർ**